**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂടുതൽ സഹായങ്ങൾ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടൽ ക്ഷോഭവും മറ്റ് കാലാവസ്ഥ വ്യതിയാനവും മൂലം കഷ്ടത അനുഭവിക്കുന്നതും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടതുമായ എല്ലാവർക്കും കൂടുതൽ സഹായങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കാലവർഷക്കാലത്ത് (പഞ്ഞമാസക്കാലത്ത്) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ അംഗങ്ങളായിട്ടുള്ളതുമായ മത്സ്യത്തൊഴി ലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 4500/- രൂപ വീതം ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1500 രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ആയതിൽ മെയ് മാസം നൽകേണ്ടതായ 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ ആയത് വിതരണം ചെയ്ത് വരുന്നു.<br><br>ട്രോൾബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 31/05/2024 ന് ഉണ്ടായ കള്ളകടൽ പ്രതിഭാസത്തെ തുടർന്നുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മത്സ്യബന്ധനയാനങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ, വീടുകൾ എന്നിവയ്ക്ക് ഏകദേശം 1,86,27,375/- രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് (SDRF)/മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF) എന്നിവയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മേഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മത്സ്യമേഖലയിലെ ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് വിവിധങ്ങളായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, കായിക മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഫിഷർമെൻ കോളനികളിലെ ശോചനീയാവസ്ഥയിലുള്ള ഭവനങ്ങളുടെ പുനർ നിർമ്മാണം, തീരദേശമേഖലയിലെ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, ഫ്ളാറ്റുകളുടെ നിർമ്മാണം, ഫ്ലാറ്റുകളുടെ മാലിന്യം നിർമ്മാർജ്ജനം, പ്ലാന്റ് സ്ഥാപിക്കൽ, മാതൃകാ മത്സ്യഗ്രാമങ്ങൾ നിർമ്മിക്കുക, കായിക മേഖലയിലെ ഉന്നമനത്തിനായി പുതിയ സ്പോർട്സ് ഗ്രൗണ്ടുകൾ നിർമ്മിക്കുക, സ്പോർട്സ് ഗ്രൗണ്ടുകളുടെ നവീകരണം നടത്തുക തുടങ്ങിയ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ